**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 270 — 07.08.2017 ൽ മറുപടിക്ക്

ആശുപത്രികളുടെ നവീകരണം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | താലൂക്ക് കേന്ദ്രങ്ങളിലെ ആശുപത്രികൾ നവീകരിക്കാൻ/ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. ഇക്കാര്യത്തിൽ ഘട്ടംഘട്ടമായി നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | എങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി താലൂക്ക് കേന്ദ്രങ്ങളിലെ ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ, പാരാ മെഡിക്കൽ വിഭാഗത്തിൽ മതിയായ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചും കുറ്റമറ്റ ആരോഗ്യപരിപാലനം ഉറപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സിന്റെ 197 തസ്തികകളും ലാബ് ടെക്നീഷ്യന്റെ 84 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.മറ്റ് തസ്തികകൾക്കുള്ള പ്രോപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കൊണ്ടോട്ടി സി.എച്ച്.സി താലൂക്ക് ആശുപത്രിയായി ഉയർത്തിയതിന്റെ ഭാഗമായി ചെയ്ത കാര്യങ്ങൾ വിശദീകരിക്കാമോ; | (സി) | കൊണ്ടോട്ടി നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി സ്റ്റാൻഡൈഡേസേഷന്റെ ഭാഗമായി നിലവിലുള്ള ആശുപത്രി കളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈസർക്കാർ മുൻതൂക്കം നൽകുന്നത്. 22.04.2017-ലെ ജി.ഒ (എം.എസ്) 58/2017/ആകുവ പ്രകാരം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ആർദ്രം |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ (എം.എസ്) 101/2017/ആകുവ തീയതി 28.06.2017 പ്രകാരം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 4 (നാല്) സ്റ്റാഫ് നഴ്സിന്റെ തസ്തികകളും ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | കൊണ്ടോട്ടി സി.എച്ച്.സി./താലൂക്ക് ആശുപത്രിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദീകരിക്കാമോ ? | (ഡി) | ആർദ്രം പദ്ധതിയിലെ വികസന പ്രവർത്തനങ്ങൾ ഇതിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ സി.എച്ച്.സി./താലൂക്ക് ആശുപത്രികളിലും ഒരേ നിലവാരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് കൊണ്ടോട്ടി സി.എച്ച്.സി./താലൂക്ക് ആശുപത്രിക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ